# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1322 — 20.01.2014 –ൽ - മറുപടിക്ക്

## റേഷൻ വിതരണം സുതാര്യമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകളുടെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; റേഷൻ കടകളിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) റേഷൻകടകളുടെ പ്രവർത്തനം കൂടുതൽ സുതാര്യവും പരാതി രഹിതവുമാക്കുന്നതിന് സംസ്ഥാനത്ത് പൊതുവിതരണ ശൃംഖലയുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് പൈലറ്റ് പ്രോജക്ട് തിരുവനന്തപുരത്ത് ആരംഭിച്ചു. പൊതുവിതരണ സംവിധാനത്തിലെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തിരിമറിയും മറിച്ച് വിൽപ്പനയും പൂർണ്ണമായും തടയാൻ ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ സാധിക്കുന്നതാണ്. റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽസ് (ePOS) സംവിധാനം ഏർപ്പെടുത്തുകയും ഈ ഉപകരണത്തിലൂടെ ഉപഭോക്താവിന്റെ ബയോമെട്രിക് ഡാറ്റാ പരിശോധിക്കുകയും യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് അയാൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും റേഷൻ കടകളിലൂടെ നൽകുവാൻ സാധിക്കുന്നതുമാണ്. ഈ പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. റേഷൻ കടകളിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| (ബി) റേഷൻ വിതരണം സുതാര്യമാക്കുന്നതിനായി റേഷൻ സാധനങ്ങൾ ഡോർ ഡലിവറി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) സംസ്ഥാനത്ത് എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻകടകളിൽ നേരിട്ട് അരി, ഗോതമ്പ് എന്നീ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്ന സംവിധാനമായ ഡോർ-ടു-ഡോർ ഡെലിവറി സപ്ലൈകോ വഴി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

Sreelha
സെക്ഷൻ ഓഫീസർ